## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1112.** **30.11.2018 ൽ മറുപടിയ്ക്ക്**

## ശ്രീ ചക്ര ഡിസ്റ്റിലറി പ്രൈവറ്റ് ലിമിറ്റഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ടി.ബൽറാം<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.അനിൽ അക്കര | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | M/s ശ്രീ ചക്ര ഡിസ്റ്റിലറി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം തൃശ്ശൂർ ജില്ലയിൽ വിദേശ മദ്യത്തിന്റെ കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ് & ബോട്ടിലിംഗ് യൂണിറ്റ് സ്ഥാപിക്കുവാൻ അപേക്ഷ നൽകിയിരുന്നോ; എങ്കിൽ എന്നാണ് പ്രസ്തുത അപേക്ഷ നൽകിയത്; ആർക്കാണ് അപേക്ഷ നൽകിയത്; | (എ) | അപേക്ഷ നൽകിയിരുന്നു.<br>04/07/2017 തീയതിയിലെ അപേക്ഷ ബഹു:മുഖ്യമന്ത്രി മുമ്പാകെയും 24/10/1998, 10/10/2003 തീയതികളിലെ അപേക്ഷകൾ അന്നത്തെ ബഹു:എക്സൈസ് വകുപ്പ് മന്ത്രി മുമ്പാകെയും, 04/07/2017, 24/10/2017 തീയതികളിലെ അപേക്ഷകൾ ബഹു:എക്സൈസ് വകുപ്പ് മന്ത്രി മുമ്പാകെയും, 05/04/2010, 04/07/2017, 24/10/2017 എന്നീ തീയതികളിലെ അപേക്ഷകൾ എക്സൈസ് കമ്മീഷണർക്കുമാണ് സമർപ്പിച്ചിട്ടുള്ളത്. |
| (ബി) | തൃശ്ശൂർ ജില്ലയിലെ ഏത് വില്ലേജിൽ ആരംഭിക്കുവാനാണ് പ്രസ്തുത സ്ഥാപനം അപേക്ഷ സമർപ്പിച്ചത്; | (ബി) | തൃശ്ശൂർ ജില്ലയിലെ ഒല്ലൂർക്കര താലൂക്കിലെ മാടക്കത്തറ വില്ലേജിൽ കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചത്. |
| (സി) | 29.09.1999 ലെ GO(Rt) 689/99/TD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനത്തിന് അനുമതി നൽകുന്നതിന് എന്തൊക്കെ | (സി) | 29/09/1999-ലെ ഉത്തരവ് പ്രകാരം സർക്കാർ കൊണ്ടുവന്ന നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ, കേരള ഡിസ്റ്റിലറി ആന്റ് വെയർഹൗസ് റൂൾസ്, 1968, കേരള ഫോറിൻ ലിക്വർ (കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ്&ബോട്ടിലിംഗ്) റൂൾസ്, 1975 എന്നിവ |

| | | | |
|---|---|---|---|
| | കാര്യങ്ങൾ പരിഗണിക്കണമെന്നാണ് എക്സൈസ് വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ; | | പ്രകാരം ലൈസൻസ് അനുവദിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് അനുമതി നൽകുന്നതിന് മന്ത്രിസഭയുടെ നയപരമായ തീരുമാനം ആവശ്യമാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിരുന്നു. ആയതിനാൽ, കയറ്റുമതി ആവശ്യത്തിനായി ഇന്ത്യൻ നിർമ്മിത വിദേശമദ്യ കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റ് തൃശ്ശൂർ ജില്ലയിൽ സ്ഥാപിച്ച് ഇന്ത്യൻ നിർമ്മിത വിദേശമദ്യം ഉല്പാദിപ്പിക്കുന്നതിന് M/s.ശ്രീചക്ര ഡിസ്റ്റിലറി പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചിയ്ക്ക് തത്വത്തിലുള്ള അനുമതി നൽകാമോ എന്നതിന്മേൽ ഉത്തരവിനായി ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രി മുഖേന ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യുന്നതിനായി കുറിപ്പ് രേഖപ്പെടുത്തുകയും ചെയ്താണ് ഫയൽ സമർപ്പിച്ചിരുന്നത്. |
| (ഡി) | പ്രസ്തുത നിർദ്ദേശങ്ങൾ പരിഗണിച്ചാണോ ശ്രീ ചക്ര ഡിസ്റ്റലറിക്ക് അനുമതി നൽകുവാൻ ഉത്തരവായത്; അല്ലെങ്കിൽ എന്തുകൊണ്ടാണ് മേൽ നിർദ്ദേശം അവഗണിച്ചതെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത നിർദ്ദേശങ്ങൾ പരിശോധിക്കുകയും ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതിന് മന്ത്രിസഭയുടെ അനുമതി ചട്ടപ്രകാരം ആവശ്യമില്ലെന്ന് ബോധ്യപ്പെടുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിലാണ് ചട്ടാനുസരണം തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ